"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഹെഡ് ക്ലാർക്ക്(റിട്ട) ശ്രീമതി.റീന സെബാസ്റ്റ്യന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.463/2024/LBR തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:- 1. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഹെഡ് ക്ലാർക്ക് (റിട്ട) ശ്രീമതി.റീന സെബാസ്റ്റ്യന്റെ വിവിധ തീയതികളിലെ അവധി അപേക്ഷകൾ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 06.03.2023, 02.02.2024 എന്നീ തീയതികളിലെ ഇ2-3543/2022/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഹെഡ് ക്ലാർക്ക് ആയിരിക്കെ 30.04.2023 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. റീന സെബാസ്റ്റ്യൻ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ 03.02.2022 മുതൽ 28.04.2023 വരെ ശൂന്യവേതനാവധി അനുവദിക്കണം എന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഹെഡ് ക്ലാർക്ക് ആയിരിക്കെ 30.04.2023 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. റീന സെബാസ്റ്റ്യന് 03.02.2022 മുതൽ 27.04.2023 വരെ ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിയ്ക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയും, 28-04-2023 ലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി അപേക്ഷക 29-04-2023 നാണ് തിരികെ പ്രവേശിച്ചിരിക്കുന്നത് എന്നതിനാൽ 28-04-2023 ന് ടി ദിവസം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതന അവധിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ശ്രീമതി. റീന സെബാസ്റ്റ്യൻ,ഹെഡ് ക്ലാർക്ക് (റിട്ട), ഇ.എസ്.ഐ ഡിസ്പെൻസറി,

അളഗപ്പനഗർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ് (16/03/2024 ലെ 2396661/LBR-1/82/2023-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 27-03-2024 16:11:17
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.